# സാരംഗിൽനിന്ന് സ്നേഹപൂർവ്വം



**അ**ഞ്ചാംമാസം മുതലാണ് കുറുന്തോട്ടിക്കഷായം കഴിക്കേണ്ടത്. ഇതിനുള്ള കുറുന്തോട്ടിവേര് അന്നന്നുപറിച്ചെടുക്കുകയാണ് വേണ്ടത്. കാരണം ഒരു നേരത്തേയ്ക്കുള്ള കഷായം മാത്രമാണ് ഒരിക്കൽ തയ്യാറാക്കുന്നത്. കുറുന്തോട്ടിവേര് ഗർഭിണിതന്നെ പറിച്ചെടുക്കണമെന്നു പറയുന്നു. അതിലെ ശാസ്ത്രീയതയൊന്നും ഞങ്ങൾക്കറിയില്ല. ഒരു പിടി കുറുന്തോട്ടി വേര് പറിച്ചെടുത്ത് കഴുകിചതയ്ക്കുക. പത്തു ഗ്രാം ജീരകവും ചേർത്ത് ഇടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കുക. (കഷായം വയ്ക്കാൻ മൺപാത്രമേ ഉപയോഗിക്കാവൂ. അലുമിനിയം പാത്രം യാതൊരു കാരണവശാലും ഉപയോഗിക്കരുത്) തലേന്നു വൈകീട്ട് കഷായം അടുപ്പത്താക്കി ചെറുതീയുമിട്ട് വച്ചിരുന്നാൽ രാവിലെയാകുമ്പോഴേയ്ക്കും പാകത്തിന് വറ്റിക്കിട്ടും. വറ്റിയ കഷായം അരിച്ചെടുത്ത് നാഴി പശുവിൻപാൽ ചേർത്ത് വീണ്ടും വറ്റിച്ച് നാഴിയാക്കണം. മറ്റാഹാരങ്ങൾക്കു മുമ്പെ ഇതു സേവിക്കുക. വിജയലക്ഷ്മിയുടെ അമ്മയാണ് ഈ കഷായം നിർദേശിച്ചത്.

മരുന്നെന്ന നാമത്തിൽ വിജയലക്ഷ്മി ഇതുമാത്രമെ കഴിച്ചിരുന്നുള്ളു. ഇങ്ങനെയൊക്കെയായിരുന്നെങ്കിലും ഒരു വിദഗ്ധ ഡോക്ടറുടെ സേവനം

**വിദ്യാഭ്യാസം, പ്രകൃതികൃഷി തുടങ്ങി വിവിധ മേഖലകളിൽ അനുകരണീയങ്ങളായ മാതൃകകൾ സൃഷ്ടിച്ച ഗോപാലകൃഷ്ണൻ, വിജയലക്ഷ്മി ദമ്പതിമാർ തങ്ങളുടെ ജീവതാനുഭവങ്ങളും അനുബന്ധ ചിന്തകളും പങ്കുവയ്ക്കുന്നു...**

ഞങ്ങൾക്കാവശ്യമുള്ളതുപോലെ തോന്നിയിരുന്നു. അങ്ങിനെയന്വേഷിച്ച് ന്വേഷിച്ച് കൽപറ്റയിലെ ഫാത്തിമ ഹോസ്പിറ്റലിനെക്കുറിച്ചറിയുന്നു. അവിടത്തെ ഡോ. ട്രീസയെക്കുറിച്ചും. ഡോ. ഓമനാ മധുസൂദനൻ മനസിലുള്ളതുകൊണ്ട് ഞങ്ങൾ വളരെ കരുതലോടെ മാത്രമെ ഇംഗ്ലീഷ് മരുന്നുകളെയും ഡോക്ടർമാരെയും സമീപിക്കാറുള്ളു. എന്നിട്ടും അപകടങ്ങൾ സംഭവിക്കുന്നു!

ഡോ. ട്രീസയെക്കണ്ടു. മരുന്നു വാങ്ങാനല്ല. ഗർഭിണിയുടെ ആരോഗ്യാവസ്ഥ, കുട്ടിയുടെ നില തുടങ്ങി മുൻകൂട്ടി അറിയേണ്ടുന്ന കാര്യങ്ങൾ കിട്ടുന്നതിനുവേണ്ടി മാത്രമാണവരെ ഞങ്ങൾ സമീപിച്ചത്. ഞങ്ങളുടെ നിലപാടിനെക്കുറിച്ച് ഏറെക്കുറെ അവരോടു സംസാരിച്ചിട്ടുമുണ്ടെന്നാണ് വിശ്വാസം.

നവംബർ മാസം അവസാനത്തോടെ പ്രസവിക്കും എന്നു ഡോ. ട്രീസ പറഞ്ഞു. ഇലക്കറികളും പഴങ്ങളും ധാരാളം കഴിക്കണമെന്നവർ നിർദേശിച്ചു. യാതൊരു കുഴപ്പവുമില്ല. ഇപ്പോൾ ചെയ്യുന്ന കാര്യങ്ങളെല്ലാം തുടരാം എന്നവർ പറയുകയും ചെയ്തു. സ്കൂളിലെ പണികളും വീട്ടുപണികളും ചെയ്യാൻ വിഷമിക്കേണ്ടെന്നാണ് സൂചന. അവർ യാതൊരുവിധ മരുന്നുകളും തന്നതുമില്ല, നിർദേശിച്ചതുമില്ല. ഞങ്ങൾക്കു ഡോ. ട്രീസയോടുള്ള ഒരു ബഹുമാനമതാണ്.

ഞങ്ങളുടെ അയൽവാസിയായി ഒരു എ.എൻ.എം. (ഓക്സിലറി നഴ്സ് കം മിഡ്‌വൈഫ്) ഉണ്ടായിരുന്നു. മറിയാമ്മ സിസ്റ്റർ എന്നാണ് ഞങ്ങളവരെ വിളിച്ചിരുന്നത്. അവിവാഹിതയാണ്. നല്ലൊരു സ്ത്രീ. ജോലിയോടു തികഞ്ഞ ആത്മാർഥതയുണ്ട്. പ്രസവമെടുക്കുന്നതിൽ അതീവ സമർഥയാണ്. കടുത്ത ഈശ്വരവിശ്വാസിയുമാണ്. നവംബർ മാസം അവസാനത്തോടെ പ്രസവിക്കുമെന്നാണ് മറിയാമ്മ സിസ്റ്ററും പറഞ്ഞത്. ഞങ്ങൾ മാതാപിതാക്കളായി അറിയപ്പെടാൻ പോകുന്ന ദിവസവും കാത്തിരിപ്പാണ്. കടിഞ്ഞൂൽകുട്ടിയെ കൺകുളിർക്കെ കാണാനും പൂപോലുള്ള ആ ശരീരം ഒന്നു തൊടാനുമൊക്കെയുള്ള ഒരു കൊതിയുണ്ടല്ലോ. എല്ലാ മാതാപിതാക്കളെയും പോലെ ഞങ്ങളും പ്രതീക്ഷിച്ചിരുന്നു.

അപ്പോഴാണ് പി.എസ്.സി.യുടെ ഇന്റർവ്യു കാർഡ് വരുന്നത്. നവംബർ 22ന് പാലക്കാട്ടുവച്ച് വിജയലക്ഷ്മിക്കും 24ന് ഗോപാലകൃഷ്ണന് കോഴിക്കോട്ടുവച്ചും ഇന്റർവ്യു.

സംഗതി സന്തോഷപ്രദമാണ്. ഇന്റർവ്യു കഴിഞ്ഞാൽ ജോലി ഉറപ്പാണ്. പ്രസവവും അങ്ങിനെതന്നെ. പക്ഷെ ഇതുരണ്ടും നവംബർ അവസാനത്തിലാണ്. പ്രസവം ആദിവസങ്ങളിലാണെങ്കിലെന്തു ചെയ്യും? അതും യാത്രയ്ക്കിടയിലാണെങ്കിലോ? വയനാട്ടിൽനിന്ന് വളഞ്ഞുപുളഞ്ഞ ചുരമിറങ്ങി വേണ്ടെ ഇന്റർവ്യുവിനു പോകാൻ?

എന്തുചെയ്യണമെന്ന് യാതൊരു നിശ്ചയവുമില്ല. അതുകൊണ്ട് ഡോ. ട്രീസയെ ഒരിക്കൽക്കൂടി കാണാൻ തീരുമാനിച്ചു.

ഞങ്ങളുടെ പുതിയ വർത്തമാനമെല്ലാം അവർ ശ്രദ്ധിച്ചുകേട്ടു. ഡോ. ട്രീസയും ഒരു നിമിഷം ആലോചനയിലാണ്ടു. ആശ്വാസമുള്ള ഒരു പോംവഴിക്കായി ഞങ്ങളിരുവരും അവരെത്തന്നെ നോക്കിയിരിപ്പായി.

(തുടരും)